**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം.**3437** | 20-06-2018 ൽ മറുപടിയ്ക്ക് |

**അലയാർ കരിമരുന്ന് അപകടത്തിൽപ്പെട്ടവർക്ക് ധനസഹായം**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.കൃഷ്ണൻകുട്ടി** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | ചിറ്റൂർ വണ്ടിത്താവളം അലയാറിൽ ഉച്ചിമഹാളിയമ്മൻ ക്ഷേത്രത്തിൽ ഉണ്ടായ കരിമരുന്ന് അപകടത്തിന് ഇടയായവർക്കുള്ള ധനസഹായം സംബന്ധിച്ച് നൽകിയ നിവേദനത്തിൽ ഇന്നേവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | **(എ)&(ബി)**<br>ചിറ്റൂർ താലൂക്ക് വണ്ടിത്താവളം അലയാർ ഉച്ചിമഹാളിയമ്മൻ കോവിൽ പൊങ്കൽ ഉത്സവത്തിനിടെ ഉണ്ടായ വെടിക്കെട്ട പകടത്തിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനായി എഫ്.ഐ.ആർ., മരണസർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നീ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അപകടത്തിൽ പരിക്ക് പറ്റി ചികിത്സയിലായിരുന്ന വ്യക്തികൾക്ക് തുടർ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയി |
| ബി) | ഈ അപകടത്തിൽ മരിച്ച രണ്ട് കുട്ടികളുടെ കുടുംബത്തിനുള്ള പ്രത്യേക ധനസഹായം അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | |

രുന്നെങ്കിലും, പരിക്കുപറ്റിയ 10 പേരിൽ 5 പേർ മാത്രമാണ് അപേക്ഷ ഓൺലൈനായി സമർപ്പിച്ചിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മറ്റ് വ്യക്തികളുടെ കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ